സ്ഥാനത്തിൽ വളരെ കൂടുതൽ സീറുകളും കരസ്ഥമാക്കാൻ കഴിഞ്ഞിട്ടുള്ള സമുദായക്കാർ ഉള്ളതുകൊണ്ടു മെറിറ്റടിസ്ഥാനത്തിൽ സംവരണവ്യവസ്ഥ നടപ്പാക്കാൻ ഗവണ്മെന്റു തയാറാകുമോ ?

ശ്രീ. ആർ. ശങ്കർ: ഒരു വിധത്തിൽ പറഞ്ഞാൽ ഈ കണക്കുകളും മിസ്‌ലീഡിംഗാണു്. ഈ 126 സീറ്റിൽമാത്രം ശതമാനക്കണക്കു പറഞ്ഞാൽ അതിൽ സംശയം വരാവുന്നതാണു്. ജനസംഖ്യാടിസ്ഥാനത്തിൽ കിട്ടേണ്ടതും ഇപ്പോൾ കിട്ടിവരുന്നതും നോക്കുമ്പോൾ അവർക്കു താരതമ്യേന വളരെ കുറച്ചേ കിട്ടുന്നുള്ളു എന്നു കാണുന്നു.

ശ്രീ. എം. നാരായാണക്കുറുപ്പു്: ഇപ്പോൾ പിന്നാക്കം നിൽക്കുന്ന സമുദായങ്ങൾ എന്നു പറയുന്നതിന്റെ കൂട്ടത്തിൽ വളരെ പിന്നാക്കം നിൽക്കുന്ന സമുദായങ്ങളുമുണ്ടു്. അപ്പോൾ യഥാർത്ഥത്തിൽ പിന്നണിയിൽ നിൽക്കുന്ന ആ വിഭാഗത്തെ കണ്ടുപിടിച്ചു അവർക്കു വല്ല സബ്‌റൊട്ടേഷനോ വല്ലതും അനുവദിച്ചു അവരുടെ സീറുകളും കൂട്ടാനെന്താണു മാർഗ്ഗം എന്നു ആലോചിച്ചിട്ടുണ്ടോ?

ശ്രീ. ആർ. ശങ്കർ: സബ് റൊട്ടേഷൻസമ്പ്രദായം ഒരളവിൽ സ്വീകരിച്ചിട്ടുണ്ടു്. പിന്നാക്കസമുദായങ്ങളെ ഇപ്പോൾ അഞ്ചു വിഭാഗമായി തിരിച്ചിട്ടുണ്ടു്. ഈഴവർ, മുസ്ലീം, ലാറ്റിൻ ക്രിസ്ത്യാനികളും, ബാക്ക്‌വേഡ് ക്രിസ്ത്യാനികളും, മറ്റു പിന്നാക്ക ഹിന്ദുക്കളും ഇങ്ങനെ അഞ്ചു വിഭാഗമായി തിരിച്ചിട്ടുണ്ടു്. ഷെഡ്യൂൾഡ് കാസ്റ്റിന്റെയും ട്രൈബ്‌സിന്റെയും ഇടയിൽ സബ് റൊട്ടേഷൻ അനുവദിച്ചു. ഈ സമുദായങ്ങൾക്കു് അവരുടെ ജനസംഖ്യാകൊണ്ടു ലഭിക്കുന്നതിന്റെ പകുതിയോളം ഇല്ലെങ്കിലും ഏകദേശം 26 ശതമാനത്തോളം വരുന്ന സീറുകളാണു് റിസർവ്വ് ചെയ്തിട്ടുള്ളതു്. ഈഴവരുടെ ജനസംഖ്യ 26 ശതമാനമാണു്. അവർക്കു 13 ശതമാനം സീറുകളും അനുവദിച്ചിട്ടുണ്ടു്. മുസ്ലീങ്ങളുടെ ജനസംഖ്യ 17 ശതമാനമാണു്. അവർക്കു 9 ശതമാനം സീറുകളും അനുവദിച്ചിട്ടുണ്ടു്. ലാറ്റിൻ ക്രിസ്ത്യാനികളുടെ ജനസംഖ്യ ആറു ശതമാനമാണു്. അവർക്കു മൂന്നു ശതമാനം സീറുകളും അനുവദിച്ചിട്ടുണ്ടു്. ബാക്ക്‌വേഡ് ക്രിസ്ത്യാനികളും ജനസംഖ്യ അനുസരിച്ചു ഒരു ശതമാനംതന്നെയില്ല. അവർക്കു ഒരു ശതമാനം റിസർവ്വ് ചെയ്തിട്ടുണ്ടു്. മറ്റു പിന്നാക്ക ഹിന്ദുക്കളും ജനസംഖ്യയുടെ 17 ശതമാനം വരും. അവർക്കു 9 ശതമാനം സീറു റിസർവ്വ് ചെയ്തിട്ടുണ്ടു്. ഇങ്ങനെ 35 ശതമാനം സീറുകളും അവർക്കായി റിസർവ്വ് ചെയ്തിട്ടുണ്ടു്. 5 ശതമാനം സീറുകളും ഷെഡ്യൂൾഡ് കാസ്റ്റിനും ട്രൈബ്‌സിനുമായി റിസർവ്വ് ചെയ്തിട്ടുണ്ടു്.

എമർജൻസി ക്രാഫ്റ്റു്സ്മെൻ ട്രെയിനിംഗ്

* 763 [7] ശ്രീമതി കുസുമം : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1963 ഫെബ്രുവരി മുതൽ ജൂലൈ വരെ എമർജൻസി ക്രാഫ്റ്റുസ്മെൻ ട്രെയിനിംഗ് നടത്തുകയുണ്ടായോ; എത്രപേർ ട്രെയിനിംഗ് കഴിച്ചു ;

(ബി) അവരെ എങ്ങനെ ഉപയോഗപ്പെടുത്താനാണു് ഗവണ്മെന്റു് ഉദ്ദേശിക്കുന്നതു് ;

(സി) അവർക്കു് ഇതുകൊണ്ടു് എന്തെങ്കിലും തൊഴിൽ ലഭിക്കുവാനുള്ള സാദ്ധ്യതകളുണ്ടോ ?

ഗതാഗതവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. കെ. ടി. അച്യുതൻ) :

(എ) ഉണ്ടായി.

2787 പേർ.

(ബി) സായുധസേനയിൽ റിക്രൂട്ടു് ചെയ്യുന്നതിനാണു് ട്രെയിനിംഗ് നൽകിയതു്. പരിശീലനം കഴിഞ്ഞവരിൽ ശാരീരികയോഗ്യതയുള്ളവരെ സായുധസേനയിലേക്കു് എടുത്തിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

(സി) പരിശീലനം കഴിഞ്ഞ എല്ലാവർക്കും ഇൻഡ്യാ ഗവണ്മെന്റ് സർട്ടിഫിക്കറ്റുകൾ നൽകിയിട്ടുണ്ട്. ഈ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ തൊഴിൽ ലഭിക്കുവാൻ ധാരാളം സാദ്ധ്യതകളുണ്ട്.

ശ്രീ. ടി. സി. നാരായണൻ നമ്പ്യാർ: ഇവരെ പരിശീലനത്തിനെടുക്കുമ്പോൾ ശരീരയോഗ്യതയെ സംബന്ധിച്ച പരിശോധിക്കാറില്ലേ?

ശ്രീ. കെ. ടി. അച്യുതൻ: സാധാരണ പരിശീലനം കഴിഞ്ഞതിനുശേഷമാണ് അംഗവൈകല്യം വല്ലതുമുണ്ടോ എന്നു നോക്കുന്നത്. മിലിട്ടറി പർപ്പസിനുവേണ്ടി എടുക്കുന്നവരാണെങ്കിൽ പരിശീലനത്തിനു മുമ്പു തന്നെ കണിശമായി അവർ ശാരീരികയോഗ്യത പരിശോധിക്കും. ഇക്കാര്യത്തിൽ പരിശീലനം കഴിഞ്ഞു മിലിട്ടറി പർപ്പസിനു ആവശ്യമുള്ളവരെ വളരെ കൃത്യമായിട്ട് പരിശോധിച്ചുനോക്കിയതിനു ശേഷം റിക്രൂട്ടചെയ്തിട്ടുള്ളതാണ്. അങ്ങനെ 1377 പേരെയാണ സായുധസേനയിൽ അവർ എടുത്തിട്ടുള്ളത്. ബാക്കിയുള്ളവരെ ഇൻഡസ്ട്രിയൽ കൺസേൺസിൽ നിയമിച്ചിരിക്കും.

ശ്രീ. കെ. കെ. ബാലകൃഷ്ണൻ: അവർക്ക ഗവണ്മെൻറിൽ നിന്നു വല്ലധന സഹായവും ചെയ്തുകൊടുത്തിരുന്നോ ?

ശ്രീ. കെ. ടി. അച്യുതൻ: അവർക്ക പരിശീലന കാലത്തു സ്റ്റൈപ്പെൻറ് കൊടുത്തിട്ടുണ്ട്. പലരും സായുധസേനയിൽ പോകാത്തവർതന്നെ പിന്നീട് പല ജോലികളിലും ഏർപ്പെട്ടിട്ടുണ്ട്.

ഹരിജൻ കാളനികൾ

* 764. [8] ശ്രീ. ടി.കെ. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ ഹരിജൻ കാളനികൾ അളന്നു പട്ടയം നല്കുന്നതുള്ള നടപടികൾ എത്രത്തോളമായി ;

(ബി) എത്ര കാളനികളിൽ എത്ര പേർക്ക് പട്ടയം നൽകുകയുണ്ടായി ;

(സി) കണയന്നൂർതാലൂക്കിൽ ഇതു സംബന്ധിച്ച എടുത്ത നടപടികൾ എന്തെല്ലാം; അതിന്റെ പുരോഗതി എത്രത്തോളമായി;

(ഡി) ഇതിനുവേണ്ടി പ്രത്യേകം സ്റ്റാഫിനെ നിയമിച്ചിട്ടുണ്ടോ; ആരാണിപ്പോൾ ഈ ജോലി നിർവ്വഹിക്കുന്നത്;

(ഈ) പുതിയ സ്റ്റാഫിനെ നിയമിച്ചിട്ടില്ലെങ്കിൽ അങ്ങനെ ചെയ്യുന്നതിനുള്ള നടപടികളെടുക്കുകയും ഒരു നിശ്ചിത കാലത്തിനകം ഈ ജോലി പൂർത്തീകരിക്കുകയും ചെയ്യുമോ?

ഹരിജനക്ഷേമവകുപ്പുമന്ത്രി (ശ്രീ. കെ. കുഞ്ഞമ്പു):

(എ) ഹരിജൻ കാളനികളിൽ താമസിക്കുന്നവർക്ക് പട്ടയം കൊടുക്കുന്നതിനുള്ള നടപടികൾ എടുത്തുകൊണ്ടിരിക്കുകയാണ്.

(ബി) ഒരു കാളനിയിലും പട്ടയം നൽകിയിട്ടില്ല. ഭൂമി അളന്നു തിരിച്ചു താമസത്തിന് മിക്ക കാളനികളിലും കൊടുത്തുകഴിഞ്ഞു.

(സി) താലൂക്ക് സർവ്വേയറെക്കൊണ്ട് കാളനികൾ അളന്നും സബ്ഡിവിഷൻ ജോലികൾ പൂർത്തിയാക്കുവാൻ വേണ്ട നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. പട്ടയം കൊടുക്കുന്നതിനുള്ള നടപടികളും എടുത്തുകൊണ്ടിരിക്കയാണ്.

(ഡി) പ്രത്യേകം സ്റ്റാഫിനെ നിയമിച്ചിട്ടില്ല. റവന്യൂ സ്റ്റാഫാണ് ഇപ്പോൾ ഈ ജോലി നിർവ്വഹിക്കുന്നത്.

(ഇ) ഇതിനെപ്പറ്റി പരിഗണിക്കാം.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ലാൻറ് റവന്യൂ ഡിപ്പാർട്ടുമെൻറിനു ഇപ്പോൾ തന്നെ ജോലി വളരെ അധികം ആയതുകൊണ്ട് ഈ ജോലി കൂടി ചെയ്യുന്നതു

LIBRARY ARCHIVES Kerala Legislative Assembly